**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 421** **24-08-2022 - ൽ മറുപടിയ്ക്ക്**

**വാഹനങ്ങൾ വാങ്ങുന്നതിന് അനുവദിച്ച തുക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ടി. സിദ്ദിഖ് | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) |

**ചോദ്യം**

(എ) നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ മുഖ്യമന്ത്രിക്കും മറ്റ് മന്ത്രിമാർക്കും സഞ്ചരിക്കുന്നതിനും അവരുടെ സുരക്ഷാക്രമീകരണങ്ങൾക്കുമായി വാഹനങ്ങൾ വാങ്ങുന്നതിന് അനുവദിച്ചിട്ടുള്ള തുകയും വാങ്ങിയ ഓരോ വാഹനങ്ങളുടെ വിലയും എത്രയാണെന്ന് ഓരോരുത്തരുടെയും പ്രത്യേകം വ്യക്തമാക്കുമോ?

**ഉത്തരം**

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹു.മുഖ്യമന്ത്രിയുടെ യാത്രയ്ക്കും സുരക്ഷാക്രമീകരണങ്ങൾക്കുമായി പുതുതായി നാല് ലൈറ്റ് മോട്ടോർ വാഹനങ്ങൾ വാങ്ങുന്നതിന് 24.06.2022 തീയതിയിലെ 127/2022/ആഭ്യന്തരം നമ്പർ സർക്കാർ (കൈ) ഉത്തരവ് പ്രകാരം 88,69,841/- രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. വാങ്ങിയ വാഹനങ്ങളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| Sl. No. | Type of Vehicle | Amount |
|---|---|---|
| 1. | Innova Crysta 2.4 Z (Black) | 23,17,739/- |
| 2. | Innova Crysta G Plus (2 nos.) | 32,21,570/- |
| 3. | KIA Carnival 8 AT Limousine | 33,30,532/- |

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മറ്റ് മന്ത്രിമാർക്ക് സഞ്ചരിക്കുന്നതിനും അവരുടെ സുരക്ഷ ക്രമീകരണങ്ങൾക്കുമായി വാഹനങ്ങൾ ഒന്നും വാങ്ങിയിട്ടില്ല. എന്നാൽ 11.08.2022 തീയതിയിലെ 9/2022/TSM നമ്പർ സർക്കാർ(കൈ) ഉത്തരവ് പ്രകാരം 3,22,20,000/- രൂപ ചെലവിൽ 10 വാഹനങ്ങൾ വാങ്ങുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ